# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.74/PR/PIC/PHQ/18                                                            Date : 26.03.2018

---

## കരിമരുന്ന് പ്രയോഗം : നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിർദ്ദേശം

O

സംസ്ഥാനത്ത് ഉത്സവങ്ങളിലും ആഘോഷവേളകളിലും നടക്കുന്ന കരിമരുന്ന് പ്രയോഗങ്ങൾ നിയമപ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിച്ചാണ് നടത്തുന്നതെന്ന് ഉറപ്പുവരുത്താൻ സംസ്ഥാന പോലീസ് മേധാവി ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകി. 2008 ലെ എക്സ്പ്ലോസീവ് റൂൾസിലെ നിബന്ധനകൾക്ക് വിധേയമായാണ് കരിമരുന്ന് പ്രയോഗങ്ങൾ നടത്തേണ്ടത്. അപ്രകാരം നടത്തുമ്പോൾ പോലും അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ ആവശ്യമായ സുരക്ഷാ മുന്നൊരുക്കങ്ങൾ നടത്തണം. വെടിക്കെട്ടിന് ഉള്ള അനുമതി അപേക്ഷയിൽ ഉചിതമായ ശുപാർശ നൽകുക എന്ന ചുമതലയ്ക്കൊപ്പം വെടിക്കെട്ട് നടക്കുന്ന സന്ദർഭങ്ങളിൽ ആവശ്യമായ സുരക്ഷ ഉറപ്പാക്കുന്നതിനും സമാധാനപരമായി നടത്തുന്നതിനും പോലീസ് നടപടി സ്വീകരിക്കണം. റവന്യൂ അധികൃതരുമായി സഹകരിച്ച് അനിഷ്ടസംഭവങ്ങൾ ഒഴിവാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ഉറപ്പാക്കണം. ആവശ്യമായ ലൈസൻസുകൾ വെടിക്കെട്ട് നടത്തുന്നവർക്ക് ഉണ്ടെന്നും സംഘാടകർക്ക് ആവശ്യമായ അനുമതിരേഖകൾ ഉണ്ടെന്നും ഉറപ്പാക്കണം. പൊതുജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിനും ജനക്കൂട്ടത്തെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിക്കണം. ഉത്സവങ്ങളും ആഘോഷങ്ങളും സുഗമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താനും പോലീസ് നടപടി സ്വീകരിക്കണം. ഇക്കാര്യം ജില്ലാ പോലീസ് മേധാവിമാർ ഉറപ്പാക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

***************